**കേരള സർക്കാർ**

**സംഗ്രഹം**

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന–പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് വികസന/തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ എല്ലാ ജില്ലകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ (സാധാ) 3258/2008/തസ്വഭവ തിരുവനന്തപുരം, തീയതി: 01.09.2008

---

പരാമർശം: 27.03.2008–ലെ സ.ഉ.(സാധാ). 920/2008/തസ്വഭവ. നമ്പർ ഉത്തരവ്

**ഉത്തരവ്**

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന നിർത്തലാക്കിയ പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിൽ പണി പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് നൽകേണ്ട തുക വികസന/തനത് ഫണ്ടിൽ നിന്ന് ചില നിബന്ധനകൾക്ക് വിധേയമായി, അനുവദിച്ചു നൽകുന്നതിനും വികസന ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചു നൽകുന്നതെങ്കിൽ അനുവദിക്കുന്ന തുക മേഖലാ വിഭജന പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും ബന്ധപ്പെട്ട ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 01.04.2008 മുതൽ എല്ലാ ജില്ലകളിലും എസ്.ജി.ആർ.വൈ നിർത്തലാക്കുകയും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് മറ്റ് ജില്ലകൾക്കു കൂടി ബാധകമാക്കണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ ജില്ലകൾക്കും ബാധകമാക്കി ഉത്തരവാകുന്നു. ഇപ്രകാരം വികസന/തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചു നൽകുന്നതിന് ആ ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതും ഇതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. മേഖലാ വിഭജന പരിധിയിൽ നിന്നും ഒഴിവാക്കുകയാണെങ്കിൽ പ്രോജക്ടിൽ 14.10.01 എന്ന സൂക്ഷ്മമേഖലാ കോഡ് രേഖപ്പെടുത്തണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
5. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. നഗരകാര്യ ഡയറക്ടർ
10. പബ്ലിക് റിലേഷൻസ് ഡയറക്ടർ
11. മുഖ്യ നഗരാസൂത്രകൻ

12. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
15. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
16. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
18. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി (ജില്ലാ കളക്ടർമാർ) മാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
23. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
25. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
28. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
30. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ